LIBRARY ARCHIVES Kerala Legislative Assembly

(d) ജൈവവൈവിധ്യ സംരക്ഷണം

2014-15 സാമ്പത്തികവർഷത്തിൽ പരമ്പരാഗത വിജ്ഞാനശേഖരണം, നഗരജൈവവൈവിധ്യ സംരക്ഷണം, വിദ്യാലയങ്ങളിൽ മരങ്ങൾ നടുന്നതിനുള്ള 'ശാന്തിസ്വനം പദ്ധതി' ജൈവവൈവിധ്യ പൈതൃകസ്ഥാനങ്ങൾ കണ്ടെത്തി സംരക്ഷിക്കൽ, സംരക്ഷിതമേഖലയ്ക്ക് പുറത്തുള്ള ജൈവവൈവിധ്യ മേഖലകളുടെ സംരക്ഷണം, ജൈവവൈവിധ്യ ബോർഡിനെ കേരള സർവ്വകലാശാലയുടെ ജൈവവൈവിധ്യ ഗവേഷണ കേന്ദ്രമാക്കൽ, കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്, സസ്യ-ജന്തുജാല നിർണ്ണയത്തിനുള്ള കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ, ജൈവവൈവിധ്യ അവാർഡുകൾ, തിരുവനന്തപുരത്ത് ഒരു ജൈവവൈവിധ്യ മ്യൂസിയം തുടങ്ങി 400 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

കാലാവസ്ഥാ വ്യതിയാനം

(a) ഗവേഷണ പദ്ധതികൾ

ഗവേഷണ പദ്ധതികൾക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(b) കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ട്

Institute for Climate Change Studies എന്ന പേരിൽ ഒരു ഗവേഷണ പഠന സ്ഥാപനം കോട്ടയത്ത് സ്ഥാപിച്ചിട്ടുണ്ട്. ഗവേഷണ പഠനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

### കശുവണ്ടി ഫാക്ടറി ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി

**258 (1928) ശ്രീ. ജി. എസ്. ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി കശുവണ്ടി ഫാക്ടറിയോ, അനുബന്ധ വ്യവസായമോ ആരംഭിക്കുന്നതിലേക്ക് പരിസ്ഥിതി വകുപ്പ് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി പുതിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതി വകുപ്പിൽനിന്നും അനുമതി നൽകിയിട്ടില്ല. എന്നാൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഒരു കശുവണ്ടി ഫാക്ടറിക്ക് കഴിഞ്ഞ ആറു മാസത്തിനുള്ളിൽ, 28-2-2014-ൽ സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) കല്ലുവാതുക്കൽ പഞ്ചായത്തിലെ ശ്രീ കെ. പ്രഭ (ഡയറക്ടർ), ശ്രീവിലാസ്, താമരക്കുളം, കൊല്ലം എന്ന വ്യക്തിയുടെ പേരിൽ കയ്റോൺ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാരിപ്പള്ളി, കൊല്ലം എന്ന സ്ഥാപനത്തിന് 28-2-2014-ൽ 31-12-2016 വരെ സാധുതയുള്ള സ്ഥാപനാനുമതി മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റു അപേക്ഷകളൊന്നും 6 മാസത്തിനുള്ളിൽ ബോർഡിന്റെ പരിഗണനയ്ക്കായി വന്നിട്ടില്ല.

**കാർഷിക മേഖലയിലെ പാരിസ്ഥിതിക പ്രശ്നം**

**259 (1929)** പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥാവ്യതിയാനംമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി വകുപ്പ് വസ്തുനിഷ്ഠമായ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു സമഗ്രപഠനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുമായി കാർഷിക മേഖലയിലെ പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തി സമഗ്രമായ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**കടവാടിപ്പാറയുടെ സംരക്ഷണം**

**260 (1930)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കടവാടിപ്പാറ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നീലേശ്വരം പുഴ ഉത്ഭവിക്കുന്നതും വൈവിധ്യമാർന്ന ജൈവ സമ്പത്തുകൊണ്ട് അനുഗ്രഹീതവുമായ ഈ പ്രദേശം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാരിസ്ഥിതിക പ്രാധാന്യം വിലയിരുത്തിയതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly